©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

**നിയമസഭാ ചട്ടങ്ങളുടെ മലയാള പരിഭാഷ ആധികാരികമാക്കുന്നതുമായി ബന്ധപ്പെട്ട പഠനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധ സമിതി**

# റിപ്പോർട്ട്

(2024 ജൂൺ 10-ാം തീയതി സ്പീക്കർക്ക് സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# നിയമസഭാ ചട്ടങ്ങളുടെ മലയാള പരിഭാഷ ആധികാരികമാക്കുന്നതുമായി ബന്ധപ്പെട്ട പഠനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധ സമിതി

## റിപ്പോർട്ട്

(2024 ജൂൺ 10-ാം തീയതി സ്പീക്കർക്ക് സമർപ്പിച്ചത്)

550/2024

## <u>ഉള്ളടക്കം</u>


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം -I | .. | 5 |
| അനുബന്ധം -II | .. | 7 |

## സമിതിയുടെ ഘടന

ചെയർമാൻ :

ശ്രീ. മാത്യു ടി. തോമസ്, എം.എൽ.എ.

അംഗങ്ങൾ :

1. ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ.
2. ശ്രീമതി യു. പ്രതിഭ, എം.എൽ.എ.
3. ശ്രീ. എം. എസ്. വിജയൻ, അഡീഷണൽ സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്
4. ശ്രീമതി ജ്യോതി എൽ., ജോയിന്റ് സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്
5. ശ്രീ. ഷിബു തോമസ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. സന്തോഷ് എൻ. വി., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്
2. ശ്രീ. വി. ജി. റിജു, ജോയിന്റ് സെക്രട്ടറി
3. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. സാചി ടി. പി., അണ്ടർ സെക്രട്ടറി

# ആമുഖം

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ മലയാള പരിഭാഷ ആധികാരിക രേഖയായി രൂപപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിനും ചട്ടങ്ങളുടെ മലയാള പരിഭാഷയിൽ അവശ്യം വരുത്തേണ്ട ഭേദഗതികളെന്ന നിലയിൽ നിയമസഭാ നടപടിക്രമങ്ങളുടെ പരിഷ്കരണത്തിനായുള്ള അഡ്ഹോക് കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള ശിപാർശകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി നിയമസഭാ സ്പീക്കറുടെ ഉത്തരവ് പ്രകാരം 25-3-2024-ലെ സ.ഉ.(സാധാ.) നമ്പർ 854/2024/നി.സെ. മുഖേന സാമാജികരും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ഒരു വിദഗ്ധ സമിതി രൂപീകരിക്കപ്പെട്ടു. സമിതി 15-5-2024, 22-5-2024, 5-6-2024 എന്നീ തീയതികളിൽ നിയമസഭാ സമുച്ചയത്തിൽ യോഗങ്ങൾ ചേരുകയുണ്ടായി.

ചട്ടങ്ങൾ സംബന്ധിച്ച സമിതി (2023-2026) യുടെ രണ്ടാമത് റിപ്പോർട്ട് പ്രകാരം ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭേദഗതികളുടെ മലയാള പരിഭാഷയും നിയമസഭാ നടപടിക്രമങ്ങളുടെ പരിഷ്കരണത്തിനായി രൂപീകരിച്ചിരുന്ന അഡ്ഹോക് കമ്മിറ്റി നിലവിലെ മലയാള പരിഭാഷയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് നൽകിയ ശിപാർശകളും കൂടാതെ നിലവിലെ മലയാള പരിഭാഷയെ ആധികാരികമാക്കുന്നതിന് അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ചും സമിതി പരിശോധിച്ചു. ഇംഗ്ലീഷ് ഭാഷയിലുള്ള ' Rules of Procedure and Conduct of Business in the Kerala Legislative Assembly' ആധികാരികമായി നിലവിലിരിക്കെ ആയതിന്റെ മലയാള പരിഭാഷ ആധികാരികമാക്കുന്നതിന്റെ നിയമസാധുത പരിശോധിക്കുകയും 22-5-2024-ന് ചേർന്ന സമിതി യോഗത്തിൽ നിയമവകുപ്പ് സെക്രട്ടറി ഹാജരായി ഇക്കാര്യത്തിലുള്ള നിയമോപദേശം നൽകുകയുമുണ്ടായി.

പ്രസ്തുത പരിശോധനകളുടെയും ചർച്ചകളുടെയും നിയമോപദേശത്തിന്റെയും അടിസ്ഥാനത്തിൽ സമിതിയുടെ കണ്ടെത്തലുകളും നിരീക്ഷണങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2024 ജൂൺ 5-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം ,
2024 ജൂൺ 10.

മാത്യു ടി. തോമസ്,
അദ്ധ്യക്ഷൻ.

# റിപ്പോർട്ട്

ഭരണഘടനയുടെ അനുച്ഛേദം 208(1), ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ സഭയ്ക്ക് അതിന്റെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച് ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള അധികാരം നൽകിയിരിക്കുന്നു. 1956-ലെ സ്റ്റേറ്റ് റീഓർഗനൈസേഷൻ ആക്റ്റ് പ്രകാരം കേരള സംസ്ഥാനം നിലവിൽ വന്നതോടെ ട്രാവൻകൂർ-കൊച്ചിൻ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ അനുവർത്തിച്ചിരുന്ന സഭാ ചട്ടങ്ങളെ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളായി സ്വീകരിക്കുകയുണ്ടായി. ഇംഗ്ലീഷ് ഭാഷയിലുള്ള പ്രസ്തുത ചട്ടങ്ങളാണ് കാലാനുസൃത ഭേദഗതികളോടെ ആധികാരിക ചട്ടങ്ങളായി അംഗീകരിച്ചിട്ടുള്ളത്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച പ്രസ്തുത ചട്ടങ്ങളുടെ മലയാള തർജ്ജമ 1998-ൽ പ്രസിദ്ധീകരിക്കുകയും തുടർന്ന് വിവിധ ഘട്ടങ്ങളിൽ ഇംഗ്ലീഷിലുള്ള ചട്ടങ്ങൾക്ക് വരുത്തിയ ഭേദഗതികൾ മലയാള പരിഭാഷയിൽക്കൂടി ഉൾപ്പെടുത്തി പുനഃപ്രസിദ്ധീകരിക്കുകയും ചെയ്തുവന്നിരുന്നുവെങ്കിലും ഇംഗ്ലീഷ് ഭാഷയിലുള്ള ചട്ടങ്ങളെ ആധികാരിക രേഖയായും മലയാള ഭാഷയിൽ തയ്യാറാക്കിയത് പരിഭാഷയായിട്ടുമാണ് പരിഗണിച്ചുപോരുന്നത്.

2. മൂലഭാഷയായ ഇംഗ്ലീഷിലുള്ള ചട്ടങ്ങളുടെ മലയാള പരിഭാഷ കൂടി ആധികാരികമായി പരിഗണിക്കാൻ നടപടി സ്വീകരിക്കണമെന്ന് സഭാതലത്തിൽ അംഗങ്ങൾ പലപ്പോഴും ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കാമെന്ന് അതു സംബന്ധിച്ച് ചെയർ റൂൾ ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് നിയമസഭാ ചട്ടങ്ങളും നടപടിക്രമങ്ങളും പരിഷ്കരിക്കുന്നതിനായി രൂപീകരിക്കപ്പെട്ട അഡ്ഹോക് കമ്മിറ്റിയും ചട്ടങ്ങൾ സംബന്ധിച്ച സമിതിയും (2023-2026) ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിരുന്നു.

3. അതിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ മലയാള പരിഭാഷ ആധികാരിക രേഖയായി പരിഗണിക്കപ്പെടുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിനും ചട്ടങ്ങളുടെ മലയാള പരിഭാഷയിൽ അവശ്യം വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് നിയമസഭാ നടപടിക്രമങ്ങളുടെ പരിഷ്കരണത്തിനായുള്ള അഡ്ഹോക് കമ്മിറ്റിയുടെ ശിപാർശകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനും ചട്ടങ്ങൾ സംബന്ധിച്ച സമിതി (2023-2026)യുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളുടെ മലയാള പരിഭാഷ നടത്തുന്നതിനുമായി 2024 മാർച്ച് 25-ന് നിയമസഭാ സ്പീക്കർ ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയുണ്ടായി. നിയമസഭാ സാമാജികരും ഉദ്യോഗസ്ഥരും അടങ്ങിയ പ്രസ്തുത സമിതി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് ഈ റിപ്പോർട്ടിന്റെ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

4. ഭരണഘടനയുടെ അനുച്ഛേദം 208(1) പ്രകാരം ഇംഗ്ലീഷ് ഭാഷയിലുള്ള നിയമസഭാ ചട്ടങ്ങൾ ആധികാരിക രേഖയായി നിലവിലിരിക്കുമ്പോൾ ആയതിന്റെ മലയാള പരിഭാഷയെക്കൂടി ആധികാരികമാക്കുന്നതിന്റെ സാധുത സംബന്ധിച്ച് സമിതി നിയമവകുപ്പുമായി ചർച്ച ചെയ്തു. അനുച്ഛേദം 348(3) പ്രകാരവും ഔദ്യോഗിക ഭാഷാ നിയമപ്രകാരവും ചട്ടങ്ങൾ നിയമസഭയിൽ മലയാളത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടാവുന്നതാണെന്നും നിലവിൽ ഇംഗ്ലീഷ് ഭാഷയിലുള്ള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ supersede ചെയ്ത് പ്രസ്തുത ചട്ടങ്ങളുടെ മലയാളത്തിലുള്ള മൗലിക രൂപം സഭ അംഗീകരിച്ചതിനുശേഷം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതോടുകൂടി അത് ആധികാരികമാകുമെന്നും അതിന്റെ ഇംഗ്ലീഷ് പരിഭാഷ തയ്യാറാക്കി ഗവർണറുടെ അംഗീകാരത്തോടെ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതോടുകൂടി ചട്ടങ്ങളുടെ ഇംഗ്ലീഷ് പരിഭാഷ ഇംഗ്ലീഷ് ഭാഷയിൽ ആധികാരികമാകുമെന്നുമുള്ള നിയമോപദേശം സമിതിക്ക് ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ അപ്രകാരമുള്ള നടപടികളിലൂടെ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ മലയാളത്തിൽ പ്രാബല്യത്തിലുള്ള ആധികാരിക രേഖയായി മാറ്റാമെന്നും അതിന്റെ ഇംഗ്ലീഷ് പരിഭാഷ ഇംഗ്ലീഷിലുള്ള ആധികാരിക പാഠമായി പരിഗണിക്കാൻ കഴിയുമെന്നും സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. നിയമസഭാ നടപടിക്രമങ്ങളുടെ പരിഷ്കരണത്തിനായുള്ള അഡ്ഹോക് കമ്മിറ്റിയുടെ ശിപാർശകൾ പരിശോധിച്ച വിദഗ്ദ്ധ സമിതി ചട്ടങ്ങളുടെ മലയാള പരിഭാഷയിൽ താഴെപ്പറയുന്ന ഭേദഗതികൾ നിർദ്ദേശിക്കുന്നു.

(i) ചട്ടങ്ങളിൽ "സത്യപ്രതിജ്ഞ "എന്ന് ഉപയോഗിച്ചിട്ടുള്ളിടത്തെല്ലാം "ശപഥം" എന്നും " സത്യവാചകം/ദൃഢപ്രതിജ്ഞ"എന്ന് ഉപയോഗിച്ചിട്ടുള്ളിടത്തെല്ലാം " പ്രതിജ്ഞ" എന്നും പകരം ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ii) അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തതിനുശേഷം ഒപ്പിടുന്ന പുസ്തകത്തിന് "ഹാജർ പട്ടിക" എന്നതിന് പകരം "അംഗത്വരജിസ്റ്റർ" എന്ന വാക്ക് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(iii) ചട്ടം 10 – ന്റെ മാർജിനൽ ശീർഷകം "അദ്ധ്യക്ഷത വഹിക്കുന്ന ഡെപ്യൂട്ടി സ്പീക്കറുടെയോ മറ്റ് അംഗത്തിന്റെയോ അധികാരങ്ങൾ" എന്ന് ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(iv) "Motion" എന്ന വാക്കിന്റെ പരിഭാഷയായി നിലവിലെ ചട്ടങ്ങളിൽ "പ്രമേയം" എന്ന് ഉപയോഗിച്ചിട്ടുള്ളിടത്തെല്ലാം "ഉപക്ഷേപം" എന്ന് പകരം ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(v) നിലവിലെ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ള “ അടിയന്തരപ്രമേയം” എന്ന വാക്കിന് പകരം “ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം” എന്നും “ നന്ദിപ്രമേയം” എന്ന വാക്കിന് പകരം “നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപം” എന്നും “അവിശ്വാസപ്രമേയം” എന്ന വാക്കിന് പകരം “അവിശ്വാസം രേഖപ്പെടുത്തുന്ന ഉപക്ഷേപം” എന്നും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. അനൗദ്യോഗിക ബില്ലുകൾക്കായി നീക്കിവച്ചിട്ടുള്ള വെള്ളിയാഴ്ചകളിൽ തീർപ്പുകൽപ്പിക്കാതെ തുടർ ചർച്ചയ്ക്കായി നീക്കിവയ്ക്കുന്ന അനൗദ്യോഗിക ബില്ലുകൾക്ക് അടുത്ത നറുക്കെടുപ്പിൽ മുൻഗണന ലഭിച്ചിട്ടില്ലെങ്കിൽ അതിനായുള്ള അടുത്ത വെള്ളിയാഴ്ച അവ സഭയിൽ വയ്ക്കാൻ പാടില്ല എന്ന് ചട്ടം24-ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചട്ടം 24-ന്റെ ക്ലിപ്ത നിബന്ധന പ്രകാരം തുടർചർച്ചയ്ക്കായി നീക്കിവച്ച അനൗദ്യോഗിക ബില്ലുകൾക്കുതന്നെ അതിനായി നീക്കിവച്ച അടുത്ത വെള്ളിയാഴ്ചയും മുൻഗണന ലഭിക്കുന്ന സാഹചര്യം ഉണ്ടാകുമോയെന്ന് നിരീക്ഷിച്ച സമിതി, ഇക്കാര്യം പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായപ്പെടുന്നു.

7. ചട്ടം 265(1)-ൽ വരുത്തിയിട്ടുള്ള ഭേദഗതികൾ സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങളിൽ വ്യക്തത ആവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു.

i. ഓൺലൈൻ നോട്ടീസുകൾ നൽകുവാൻ ഞായറാഴ്ചയും പൊതുഒഴിവ് ദിവസങ്ങളും ഒഴിവാക്കിയിരിക്കുന്ന വ്യവസ്ഥ .

ii. ചോദ്യത്തിനുള്ള നോട്ടീസുകൾ ഒഴികെയുള്ള എല്ലാ വിഭാഗം നോട്ടീസുകൾക്കും ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സമയക്ലിപ്തത ബാധകമായിത്തീരുമോ എന്ന വിഷയം.

iii. നോട്ടീസുകൾ ഒപ്പിട്ട് രേഖാമൂലം നൽകണമെന്ന വ്യവസ്ഥ, ഓൺലൈനായി നൽകുന്ന നോട്ടീസുകളുടെ കാര്യത്തിൽക്കൂടി ബാധകമാക്കിയിരിക്കുന്നതിന്റെ പ്രായോഗികത.

8. കേരള നിയമസഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതി (2023-2026) രണ്ടാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്യുതും 2024 ഫെബ്രുവരി 14-ാം തീയതി സഭ അംഗീകരിച്ചതുമായ ഭേദഗതികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചട്ടങ്ങളുടെ മലയാള പരിഭാഷ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2024 ജൂൺ 5.

മാത്യു ടി. തോമസ്,
*അദ്ധ്യക്ഷൻ*

**കേരള സർക്കാർ**

<u>സംഗ്രഹം</u>

കേരള നിയമസഭാ സെക്രട്ടേറിയറ്റ് - നിയമനിർമ്മാണ വിഭാഗം -നിയമസഭാ ചട്ടങ്ങളുടെ മലയാള പരിഭാഷ ആധികാരിക രേഖയാക്കൽ-വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

===

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

സ.ഉ.(സാധാ.) നം. 854/2024/നി.സെ. തീയതി, തിരുവനന്തപുരം 25/03/2024

===

പരാമർശം: (1) 2023 ആഗസ്റ്റ് 9-ാം തീയതി സഭയിൽ സമർപ്പിച്ച അഡ്ഹോക് കമ്മിറ്റി റിപ്പോർട്ട്

(2) 2024 ഫെബ്രുവരി 14-ാം തീയതി സഭ അംഗീകരിച്ച ചട്ടങ്ങൾ സംബന്ധിച്ച സമിതി (2023-2026) യുടെ രണ്ടാമത് റിപ്പോർട്ട്

**<u>ഉത്തരവ്</u>**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ മലയാള പരിഭാഷ ആധികാരിക രേഖയായി പരിഗണിക്കപ്പെടുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിനും ചട്ടങ്ങളുടെ മലയാള പരിഭാഷയിൽ അവശ്യം വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് പരാമർശം (1) പ്രകാരമുള്ള അഡ്ഹോക് കമ്മിറ്റിയുടെ ശിപാർശകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി പരാമർശം (2)ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം സാമാജികരും ഉദ്യോഗസ്ഥരും അടങ്ങിയ ഒരു വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| 1. | ശ്രീ. മാത്യു ടി. തോമസ്, എം. എൽ. എ. | ചെയർമാൻ |
| 2. | ശ്രീമതി യു. പ്രതിഭ, എം. എൽ. എ. | അംഗം |
| 3. | ശ്രീ. മഞ്ഞളാംകുഴി അലി, എം. എൽ. എ. | ,, ,, |
| 4. | ശ്രീ. എം. എസ്. വിജയൻ, അഡീഷണൽ സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്. | ,, ,, |
| 5 | ശ്രീമതി ജ്യോതി എൽ., ജോയിന്റ് സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്. | ,, ,, |
| 6. | ശ്രീ. ഷിബു തോമസ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്. | ,, ,, |
| 7. | ശ്രീ. സന്തോഷ് എൻ. വി., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്. | ,, ,, |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷാജി സി. ബേബി,
സെക്രട്ടറി-ഇൻ-ചാർജ്ജ്.

<u>പകർപ്പ്:-</u>

(1) ബഹു. സ്പീക്കറുടെ പി. എസ്.
(2) ബഹു. ഡെപ്യൂട്ടി സ്പീക്കറുടെ പി. എസ്.
(3) ബന്ധപ്പെട്ട സാമാജികർ.
(4) സെക്രട്ടറിയുടെ പി. എസ്.
(5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരളം, തിരുവനന്തപുരം.
(6) അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്-I, ഓഡിറ്റ്-II)കേരളം, തിരുവനന്തപുരം.
(7) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ.
(8) അക്കൗണ്ട്സ് (ഡി, എഫ്) വിഭാഗങ്ങൾ.
(9) സബ്ട്രഷറി ഓഫീസർ, സബ്ട്രഷറി, നിയമസഭാ സമുച്ചയം.
(10) വിവരസാങ്കേതികവിദ്യാ വിഭാഗം.

**അനുബന്ധം-II**

**ചട്ടങ്ങൾ സംബന്ധിച്ച സമിതി (2023-2026)യുടെ രണ്ടാമത് റിപ്പോർട്ട് പ്രകാരം**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികളുടെ മലയാളപരിഭാഷ**

| Sl. No. | ചട്ടം | ഭേദഗതികൾ | മലയാളപരിഭാഷ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | 2 | 2(1) "Online" means the mode of submitting or retrieving notices, information and documents from anywhere, at any time specified by Legislature Secretariat using the allotted login credentials through the digital platforms provided by the Legislature Secretariat; | 2(1) "ഓൺലൈൻ" എന്നാൽ നിയമസഭാ സെക്രട്ടേറിയേറ്റ് നൽകുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ അനുവദിച്ചിട്ടുള്ള ലോഗിൻ ക്രഡൻഷ്യലുകൾ ഉപയോഗിച്ച് നിയമസഭാ സെക്രട്ടേറിയറ്റ് നിഷ്കർഷിച്ചിട്ടുള്ള ഏതൊരു സമയത്തും നോട്ടീസുകളും വിവരങ്ങളും രേഖകളും എവിടെ നിന്നും സമർപ്പിക്കുകയോ ശേഖരിക്കുകയോ ചെയ്യുന്നതിനുള്ള മാർഗ്ഗം എന്നർത്ഥമാകുന്നു. |
| 2. | 9 | **Panel of Chairpersons**<br>9. At the commencement of every session of the Assembly, the Speaker shall nominate | 9.<u>ചെയർപേഴ്സൺമാരുടെ പാനൽ</u>.—സഭയുടെ ഏതൊരു സമ്മേളനത്തിന്റെയും ആരംഭത്തിൽ, സഭാംഗങ്ങളിൽ നിന്നും മൂന്നിൽ കവിയാത്ത ചെയർപേഴ്സൺമാരുടെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | from amongst the members of the Assembly a panel of not more than three Chairpersons, anyone of whom may preside over the Assembly in the absence of the Speaker and the Deputy Speaker and in such circumstances as may be directed by the Speaker or, in his absence, by the Deputy Speaker. | ഒരു പാനൽ സ്പീക്കർ നാമനിർദ്ദേശം ചെയ്യേണ്ടതും അവരിലാരെങ്കിലുമൊരാൾ സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും അഭാവത്തിലോ അല്ലെങ്കിൽ സ്പീക്കറോ അദ്ദേഹത്തിന്റെ അഭാവത്തിൽ ഡെപ്യൂട്ടി സ്പീക്കറോ നിർദ്ദേശിക്കുന്ന അത്തരം സാഹചര്യങ്ങളിലോ സഭയുടെ അദ്ധ്യക്ഷത വഹിക്കേണ്ടതുമാണ്. |
| 3. | 24<br>ക്ലിപ്ത<br>നിബന്ധന | Provided that notwithstanding anything contained in rules 21 and 22 any such business which is scheduled for continuation of discussion on that day shall be set down for the next day allotted to business of that class, and shall have precedence over all other business set down for that day. | എന്നാൽ, 21-ഉം 22-ഉം ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രസ്തുത ദിവസത്തിൽ തുടർ ചർച്ചയ്ക്കായി വച്ചിട്ടുള്ള അങ്ങനെയുള്ള ഏതൊരു കാര്യവും അതേ വിഭാഗത്തിൽപ്പെട്ട കാര്യങ്ങൾക്കായി അനുവദിച്ച അടുത്ത ദിവസത്തേക്ക് നീക്കിവയ്ക്കേണ്ടതും അതിന് അങ്ങനെയുള്ള ദിവസം വച്ചിട്ടുള്ള മറ്റെല്ലാ കാര്യങ്ങളെക്കാളും മുൻഗണന ഉണ്ടായിരിക്കുന്നതുമാണ്. |
| 4. | 33A | **Providing answers to Starred questions**<br>33A. Answers to all starred questions shall be provided in the House through e-niyamasabha portal thirty minutes in advance of the question hour on allotted days and shall be deemed to have been placed in the Assembly at the end of the question hour. | 33 എ. നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്കുള്ള മറുപടി ലഭ്യമാക്കൽ.—നക്ഷത്രചിഹ്നമിട്ട എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടി അവയ്ക്കായി നിശ്ചയിച്ച ദിവസങ്ങളിൽ, പ്രസ്തുത ചോദ്യോത്തരവേളയ്ക്ക് മുപ്പത് മിനിട്ട് മുൻപായി ഇ-നിയമസഭ പോർട്ടൽ മുഖേന സഭയിൽ ലഭ്യമാക്കേണ്ടതും ചോദ്യോത്തരവേള അവസാനിക്കുന്നതോടുകൂടി അവ സഭയിൽ വച്ചതായി കണക്കാക്കപ്പെടേണ്ടതുമാണ്. |

| | | | |
|---|---|---|---|
| 5. | 36(2)(m) | (m) it shall not repeat in substance questions already answered or to which an answer has been refused in the current session; | (എം) നടപ്പ് സമ്മേളനത്തിൽ, മുൻപ് മറുപടി നൽകിയതോ മറുപടി നിഷേധിച്ചതോ ആയ ചോദ്യങ്ങൾ സാരാംശത്തിൽ ഒന്നുതന്നെയാണെങ്കിൽ ആവർത്തിക്കരുത്; |
| 6. | 65(1) | (1) A member wishing to give notice of a resolution under clause (c) of Article 179 of the Constitution for the removal of the Speaker or the Deputy Speaker shall do so in writing or online to the Secretary and shall furnish the full text of such resolution. | (1) ഭരണഘടനയുടെ 179-ാം അനുച്ഛേദം (സി) ഖണ്ഡപ്രകാരം സ്പീക്കറെയോ ഡെപ്യൂട്ടി സ്പീക്കറെയോ നീക്കം ചെയ്യുന്നതിനുള്ള പ്രമേയത്തിന് നോട്ടീസ് നൽകുവാൻ ആഗ്രഹിക്കുന്ന ഒരംഗത്തിന് ആയത് രേഖാമൂലമോ ഓൺലൈനായോ സെക്രട്ടറിക്ക് നല്കാവുന്നതും അങ്ങനെയുള്ള പ്രമേയത്തിന്റെ പൂർണ്ണരൂപം ലഭ്യമാക്കേണ്ടതുമാണ്. |
| 7. | 98 | 98. After a Bill is passed by the Assembly, the Speaker shall sign a certificate at the foot of the Bill in the following form before presented to the Governor:—<br>This Bill was passed by the Legislative Assembly of the State of Kerala on the …… day of … 20….<br>Speaker<br>Provided that, if the Bill passed is a Money Bill, the Speaker shall also certify the same as well. | 98. സഭ ഒരു ബിൽ പാസ്സാക്കിയതിന് ശേഷം അത് ഗവർണർക്ക് സമർപ്പിക്കുന്നതിന് മുൻപ്, സ്പീക്കർ ബില്ലിന്റെ ചുവടെ താഴെ കാണിച്ചിരിക്കുന്ന മാതൃകയിൽ സാക്ഷ്യപ്പെടുത്തി ഒപ്പുവയ്ക്കേണ്ടതാണ്.<br>…….(വർഷം)…………..(മാസം)………. -ാം തീയതി കേരള സംസ്ഥാന നിയമസഭ ഈ ബിൽ പാസ്സാക്കി.<br>സ്പീക്കർ<br>എന്നാൽ, പാസ്സാക്കിയ ബിൽ ഒരു പണബിൽ ആണെങ്കിൽ, സ്പീക്കർ അപ്രകാരമുള്ള ഒരു സാക്ഷ്യപ്പെടുത്തൽ കൂടി നടത്തേണ്ടതാണ്. |

| (1) | (2) | (3) | (4) |
|---|---|---|---|
| 8. | 117 | **Subject matter and form of resolution**<br><br>117. A resolution may be related to a matter of general public interest and may be in the form of a declaration of opinion, or recommendation or may be in the form so as to record either approval or disapproval by the Assembly of an act or policy of Government, or convey a message; or commend urge or request an action; or call attention to a matter or situation for consideration by Government or in such other form as the Speaker may consider appropriate. | 117. <u>പ്രമേയത്തിന്റെ വിഷയവും രൂപവും.</u>—ഒരു പ്രമേയം, സാമാന്യമായി പൊതുതാല്പര്യമുള്ള ഒരു സംഗതിയെ സംബന്ധിക്കുന്നതും, അത് അഭിപ്രായ പ്രഖ്യാപനത്തിന്റെയോ ശിപാർശയുടെയോ രൂപത്തിലോ അല്ലെങ്കിൽ ഗവൺമെന്റിന്റെ ഒരു പ്രവൃത്തിയെയോ ഒരു നയത്തെയോ സംബന്ധിച്ച് സഭയുടെ അംഗീകാരമോ നിരാകരണമോ രേഖപ്പെടുത്തുന്ന രൂപത്തിലോ അല്ലെങ്കിൽ ഒരു വിവരം നൽകുന്ന രൂപത്തിലോ അല്ലെങ്കിൽ ഒരു പ്രവൃത്തിയെ ശ്ലാഘിക്കുന്നതോ പ്രേരിപ്പിക്കുന്നതോ ഒരു നടപടി ആവശ്യപ്പെടുന്നതോ അല്ലെങ്കിൽ ഗവൺമെന്റിന്റെ പരിഗണനയ്ക്കായി ഒരു സംഗതിയിലേക്കോ സ്ഥിതിയിലേക്കോ ശ്രദ്ധക്ഷണിക്കുന്നതോ അല്ലെങ്കിൽ ഉചിതമെന്ന് സ്പീക്കർക്ക് തോന്നുന്ന മറ്റേതെങ്കിലും രൂപത്തിലോ ആയിരിക്കാവുന്നതുമാണ്. |
| 9. | 118 | **Government Resolution**<br><br>118. Subject to the provisions of these Rules, a Minister may move a resolution relating to a matter of general public interest. | 118. <u>ഗവൺമെന്റ് പ്രമേയം</u>.—ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു മന്ത്രിക്ക് സാമാന്യമായി പൊതുതാല്പര്യമുള്ള ഒരു സംഗതിയെ സംബന്ധിക്കുന്ന ഒരു പ്രമേയം അവതരിപ്പിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| 10. | 123(1) | **Amendments**<br>123. (1) After a resolution has been moved, any member may, subject to the rules relating to resolutions, move amendments to the resolution. | 123. <u>ഭേദഗതികൾ</u>.—(1) പ്രമേയം അവതരിപ്പിച്ചതിനുശേഷം ഏതൊരംഗത്തിനും പ്രമേയങ്ങളെ സംബന്ധിച്ച ചട്ടങ്ങൾക്ക് വിധേയമായി, പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്. |
| 11. | 184 | **Chairperson of a Committee**<br>184. (1) The Chairperson of a committee shall be appointed by the Speaker from amongst the members of the Committee:<br>Provided that if the Deputy Speaker is a member of the Committee, he shall be appointed Chairperson of the Committee.<br>(2) If the Chairperson is for any reason unable to act, the Speaker may appoint another Chairperson in his place.<br>(3) If the Chairperson is absent from any sitting, the Committee shall choose another member to act as Chairperson for that sitting. | 184. <u>സമിതിയുടെ ചെയർപേഴ്സൺ.</u>.—(1) ഒരു സമിതിയുടെ ചെയർപേഴ്സണെ ആ സമിതിയിലെ അംഗങ്ങളിൽ നിന്ന് സ്പീക്കർ നിയമിക്കേണ്ടതാണ്.<br>എന്നാൽ, ഡെപ്യൂട്ടി സ്പീക്കർ സമിതിയിലെ അംഗമാണെങ്കിൽ അദ്ദേഹത്തെ സമിതിയുടെ ചെയർപേഴ്സണായി നിയമിക്കേണ്ടതാണ്.<br>(2) ഏതെങ്കിലും കാരണവശാൽ ചെയർപേഴ്സണ് പ്രവർത്തിക്കാൻ കഴിയാതെ വന്നാൽ, സ്പീക്കർക്ക് അദ്ദേഹത്തിന്റെ സ്ഥാനത്തേക്ക് മറ്റൊരു ചെയർപേഴ്സണെ നിയമിക്കാവുന്നതാണ്.<br>(3) ഏതെങ്കിലും യോഗത്തിൽ ചെയർപേഴ്സൺ ഹാജരാകാത്തപക്ഷം ആ യോഗത്തിൽ ചെയർപേഴ്സണായി പ്രവർത്തിക്കുന്നതിന് മറ്റൊരംഗത്തെ സമിതി തിരഞ്ഞെടുക്കേണ്ടതാണ്. |

| (1) | (2) | (3) | (4) |
|---|---|---|---|
| 12. | 191 | **Sittings of a Committee in private**<br><br>191. The sitting of a Committee shall be held in private. The members and witnesses shall be permitted to attend the meeting through video conferencing on special occasions:<br><br>Provided that if the meeting is in video conference mode, the matter shall be communicated to the members and other participants well in advance and no strangers shall be allowed to attend or participate in the video conferencing without the formal permission of the Chairperson of the Committee. | 191. <u>സമിതിയോഗങ്ങളുടെ സ്വകാര്യത</u>.—സമിതിയുടെ യോഗങ്ങൾ സ്വകാര്യമായി നടത്തേണ്ടതാണ്. പ്രത്യേക സാഹചര്യങ്ങളിൽ അംഗങ്ങളെയും സാക്ഷികളെയും വീഡിയോ കോൺഫറൻസ് മുഖേന യോഗത്തിൽ പങ്കെടുക്കുന്നതിന് അനുവദിക്കുന്നതാണ്:<br><br>എന്നാൽ, യോഗം വീഡിയോ കോൺഫറൻസ് മുഖേനയാണെങ്കിൽ ആ വിവരം അംഗങ്ങളെയും പങ്കെടുക്കേണ്ട മറ്റുള്ളവരെയും മുൻകൂട്ടി അറിയിക്കേണ്ടതും ചെയർപേഴ്സന്റെ ഔപചാരിക അനുമതി കൂടാതെ യോഗവുമായി ബന്ധമില്ലാത്ത യാതൊരാളെയും വീഡിയോ കോൺഫറൻസിൽ ഹാജരാകുന്നതിനോ പങ്കെടുക്കുന്നതിനോ അനുവദിക്കാൻ പാടില്ലാത്തതുമാകുന്നു. |
| 13. | 193(2) | (2) When a member or an official is attending a meeting through video conferencing, the member or the official shall strictly ensure the confidentiality of the meeting. | (2) ഒരു അംഗമോ ഒരു ഉദ്യോഗസ്ഥനോ വീഡിയോ കോൺഫറൻസ് മുഖേന ഒരു യോഗത്തിൽ പങ്കെടുക്കുമ്പോൾ, ആ അംഗമോ ഉദ്യോഗസ്ഥനോ യോഗത്തിന്റെ രഹസ്യസ്വഭാവം നിർബന്ധമായും ഉറപ്പുവരുത്തേണ്ടതാണ്. |
| 14. | 200 A | **Statement of action taken to be furnished within two months**<br><br>200 A. The Statement of action taken by the | 200 <u>എ</u>. <u>സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് രണ്ട് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന്</u>.—നിയമസഭാ സമിതികളിൽ നിന്നും ലഭിക്കുന്ന ഹർജി/നിവേദനത്തിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ |

| | | | |
|---|---|---|---|
| | | Government on the petition/representation received from a Legislature Committee shall be furnished by the officer or department head concerned to the Committee either within two months from the date of receipt or within the time limit specified by the Committee, as the case may be. | സംബന്ധിച്ച സ്റ്റേറ്റ്മെന്റ്, അത് കൈപ്പറ്റിയ തീയതി മുതൽ രണ്ട് മാസത്തിനകമോ അല്ലെങ്കിൽ സമിതി നിർദ്ദേശിക്കുന്ന സമയപരിധിയ്ക്കുള്ളിലോ, അതത് സംഗതി പോലെ, ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ വകുപ്പ് തലവനോ സമിതിയ്ക്ക് ലഭ്യമാക്കേണ്ടതാണ്. |
| 15. | 201(2) | (2) Every Legislature Committee shall present its annual performance report of each calendar year to the Assembly within six months of the succeeding year. | (2) ഓരോ നിയമസഭാ സമിതിയും ഓരോ കലണ്ടർ വർഷത്തെയും അതിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് തൊട്ടടുത്ത വർഷം ആറ് മാസത്തിനുള്ളിൽ സഭയിൽ സമർപ്പിക്കേണ്ടതാണ്. |
| 16. | 233(2) Second Proviso | Provided further that, in cases where a Minister is not an ex-officio member of a particular Subject Committee in which subjects under his portfolio are considered, he shall be invited to that particular meeting of that Subject Committee as a special invitee. | എന്നുമാത്രമല്ല, ഒരു മന്ത്രി ഒരു പ്രത്യേക സബ്ജക്റ്റ് കമ്മിറ്റിയിലെ എക്സ് ഒഫിഷ്യോ അംഗമല്ലാത്ത സംഗതിയിൽ അദ്ദേഹത്തിന്റെ ചുമതലയിൽപ്പെട്ട വിഷയങ്ങൾ പരിഗണിക്കുമ്പോൾ പ്രസ്തുത സബ്ജക്ട് കമ്മിറ്റിയുടെ ആ പ്രത്യേക യോഗത്തിൽ അദ്ദേഹത്തെ ഒരു പ്രത്യേക ക്ഷണിതാവായി ക്ഷണിക്കേണ്ടതാണ്. |

| (1) | (2) | (3) | (4) |
|---|---|---|---|
| 17. | 235 B | **Government officers competent to attend the meetings**<br>235 B. Government Secretaries of and above the rank of Deputy Secretaries, Commissioners, Heads of Departments, Managing Directors in the case of Board and Corporation only shall attend the meeting of the Subject Committees. Other officials can attend the meeting only with the permission of the Committee or if consider necessary by the Committee. | 235 ബി. യോഗങ്ങളിൽ പങ്കെടുക്കാൻ അധികാരപ്പെട്ട ഗവൺമെന്റ് ഉദ്യോഗസ്ഥർ.—ഡെപ്യൂട്ടി സെക്രട്ടറി പദവിയിലും അതിന് മുകളിലും ഉള്ള ഗവൺമെന്റ് സെക്രട്ടറിമാർ, കമ്മീഷണർമാർ, വകുപ്പ് തലവൻമാർ, ബോർഡ് അല്ലെങ്കിൽ കോർപ്പറേഷൻ എന്നിവയുടെ സംഗതിയിൽ മാനേജിംഗ് ഡയറക്ടർമാർ എന്നിവർ മാത്രമേ സബ്ജക്റ്റ് കമ്മിറ്റിയുടെ യോഗത്തിൽ പങ്കെടുക്കുവാൻ പാടുള്ളൂ. മറ്റുള്ള ഉദ്യോഗസ്ഥർക്ക് കമ്മിറ്റിയുടെ അനുവാദത്തോടുകൂടിയോ അല്ലെങ്കിൽ ആവശ്യമെന്ന് കമ്മിറ്റി കരുതുന്നപക്ഷമോ മാത്രം അങ്ങനെയുള്ള യോഗങ്ങളിൽ പങ്കെടുക്കാവുന്നതാണ്. |
| 18. | 238(1)(b)<br>IInd<br>Proviso | Provided further that every such rule or rules shall, when so issued, be transmitted within thirty days to the appropriate Subject Committee for examination together with an explanation as to the reasons which necessitated the issue thereof without prior scrutiny by the Committee. In case if any government department fails to do so in time, the reason thereof, shall be furnished to the | എന്നുമാത്രമല്ല, അങ്ങനെയുള്ള ഏതൊരു ചട്ടമോ അഥവാ ചട്ടങ്ങളോ അപ്രകാരം പുറപ്പെടുവിക്കുമ്പോൾ കമ്മിറ്റിയുടെ മുൻകൂട്ടിയുള്ള സൂക്ഷ്മപരിശോധന കൂടാതെ അങ്ങനെ പുറപ്പെടുവിക്കുവാൻ ഇടയാക്കിയ കാരണങ്ങളുടെ വിശദീകരണത്തോടൊപ്പം ബന്ധപ്പെട്ട സബ്ജക്റ്റ് കമ്മിറ്റിക്ക് പരിശോധനയ്ക്കായി മുപ്പത് ദിവസത്തിനകം അയച്ചുകൊടുക്കേണ്ടതാണ്. ഏതെങ്കിലും സർക്കാർ വകുപ്പ് യഥാസമയം അപ്രകാരം ചെയ്യുന്നതിൽ പരാജയപ്പെട്ടാൽ, അതിനുള്ള കാരണങ്ങൾ സബ്ജക്റ്റ് |

| | | | |
|---|---|---|---|
| | | Subject Committee and the Subject Committee shall examine whether the reason given in the delay statement is reasonable. | കമ്മിറ്റിക്ക് ലഭ്യമാക്കേണ്ടതും കാലതാമസപത്രികയിൽ നൽകിയിട്ടുള്ള കാരണങ്ങൾ ന്യായമാണോയെന്ന് സബ്ജക്റ്റ് കമ്മിറ്റി പരിശോധിക്കേണ്ടതുമാണ്. |
| 19. | 238(3) | (3) The recommendations of the Subject Committee after the scrutiny of draft rules or the examination of the rules notified in exigencies as provided under sub-rule(1) shall be considered by the Government at the earliest. The final notification of the rules on the basis of recommendation of the Subject Committee shall be made by the Government within thirty days of the receipt of the recommendation of the Committee and the fact shall be intimated to the Committee. If any of the recommendations could not be accepted by the Government, the reason thereof shall also be intimated to the Subject Committee within thirty days of the notification. | (3). കരട് ചട്ടങ്ങളുടെ സൂക്ഷ്മപരിശോധനയ്ക്കോ അല്ലെങ്കിൽ (1)-ാം ഉപചട്ടത്തിലെ വ്യവസ്ഥ പ്രകാരം അടിയന്തര സാഹചര്യങ്ങളിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ചട്ടങ്ങളുടെ പരിശോധനയ്ക്കോ ശേഷമുള്ള സബ്ജക്റ്റ് കമ്മിറ്റിയുടെ ശിപാർശകൾ സർക്കാർ എത്രയും വേഗം പരിഗണിക്കേണ്ടതാണ്. സബ്ജക്റ്റ് കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങളുടെ അന്തിമ വിജ്ഞാപനം ശിപാർശ ലഭ്യമായി മുപ്പത് ദിവസത്തിനുള്ളിൽ സർക്കാർ പുറപ്പെടുവിക്കേണ്ടതും പ്രസ്തുത വിവരം സബ്ജക്റ്റ് കമ്മിറ്റിയെ അറിയിക്കേണ്ടതുമാണ്. ഏതെങ്കിലും ശിപാർശ സ്വീകരിക്കാൻ സർക്കാരിന് സാധിക്കാത്തപക്ഷം, അതിനുള്ള കാരണം വിജ്ഞാപനത്തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ സബ്ജക്റ്റ് കമ്മിറ്റിയെ അറിയിക്കേണ്ടതുമാണ്. |

| (1) | (2) | (3) | (4) |
|---|---|---|---|
| 20. | 238 (Explanation) | Explanation: For the purpose of this rule the expression " rule" and the expression " rule or rules" include the draft of any scheme or the First Statutes to be framed by the government or other statutory authority in pursuance of the powers delegated by an Act of the Legislature or the Parliament. | വിശദീകരണം.—ഈ ചട്ടത്തിന്റെ ആവശ്യത്തിലേക്കായി, "ചട്ടം" എന്ന പദപ്രയോഗത്തിലും "ചട്ടം അല്ലെങ്കിൽ ചട്ടങ്ങൾ" എന്ന പദപ്രയോഗത്തിലും നിയമസഭയുടെയോ പാർലമെന്റിന്റെയോ ഒരു ആക്റ്റ് മൂലം ഏൽപ്പിച്ചു കൊടുത്ത അധികാരങ്ങൾ അനുസരിച്ച് ഗവൺമെന്റോ മറ്റ് സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയോ ഉണ്ടാക്കേണ്ടതായ, ഏതെങ്കിലും പദ്ധതിയുടെയോ ഫസ്റ്റ് സ്റ്റാറ്റ്യൂട്ടുകളുടെയോ കരടും ഉൾപ്പെടുന്നതാകുന്നു. |
| 21. | 261 H | **Constitution of the Committee on Local Fund Accounts**<br><br>261 H. The Committee shall consist of eleven members who shall be elected by the Assembly for a period of thirty months from amongst its members according to the principle of proportional representation by means of single transferable vote: | 261 എച്ച് കമ്മിറ്റിയുടെ രൂപീകരണം.—കമ്മിറ്റിയിൽ പതിനൊന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അവരെ സഭ അതിലെ അംഗങ്ങൾക്കിടയിൽ നിന്ന് ആനുപാതിക പ്രാതിനിധ്യതത്വം അനുസരിച്ച് കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ടുമുഖേന മുപ്പത് മാസക്കാലത്തേക്ക് തിരഞ്ഞെടുക്കേണ്ടതുമാണ്. |
| 22. | 265(1) | **Notices by members**<br><br>265 (1) Every notice except notices of questions required by these Rules shall be | 265. അംഗങ്ങൾ നൽകുന്ന നോട്ടീസുകൾ.—(1) ചോദ്യങ്ങൾക്കുള്ള നോട്ടീസ് ഒഴികെ ഈ ചട്ടങ്ങൾ മൂലം ആവശ്യപ്പെടുന്ന ഓരോ നോട്ടീസും അത് നൽകുന്ന |

| | | | |
|---|---|---|---|
| | | given in writing addressed to the Secretary and signed by the member giving notice and shall be left at the Assembly Office which shall be open for this purpose between the hours of 10.15 a.m. and 3 p.m. or through online till 3 p.m. on every day except Sunday or a public holiday. | അംഗം ഒപ്പിട്ട് രേഖാമൂലം സെക്രട്ടറിയുടെ പേർക്ക് ഞായറാഴ്ചയോ പൊതു ഒഴിവുദിവസമോ ഒഴികെയുള്ള എല്ലാദിവസവും ഈ ആവശ്യത്തിലേക്കായി രാവിലെ 10.15-നും വൈകുന്നേരം 3 മണിക്കും ഇടയ്ക്ക് തുറന്നിരിക്കുന്ന അസംബ്ലി ഓഫീസിലോ അല്ലെങ്കിൽ ഓൺലൈനായി വൈകുന്നേരം 3.00 മണി വരെയോ സമർപ്പിക്കാവുന്നതുമാണ്. |
| 23. | 265(2) | (2) Notices left when the office is closed or after 3 p.m. or through online after 3 p.m. shall be treated as given on the next open day. | (2) ഓഫീസ് പ്രവർത്തനത്തിലല്ലാത്ത സമയത്തോ വൈകുന്നേരം 3 മണിക്ക് ശേഷമോ അല്ലെങ്കിൽ ഓൺലൈനായി വൈകുന്നേരം 3 മണിക്ക് ശേഷമോ ഏൽപ്പിക്കുന്ന നോട്ടീസുകൾ അടുത്ത പ്രവൃത്തി ദിവസം നൽകിയതായി കരുതപ്പെടേണ്ടതാണ്. |
| 24. | 266 (Marginal Heading) | **Prohibition of advance publicity of notices** | 266. നോട്ടീസുകളുടെ മുൻകൂട്ടിയുള്ള പ്രചാരണത്തിന് നിരോധനം |
| 25. | 281 (Marginal Heading) | **Rules to be observed by members in the Assembly** | 281. സഭയിൽ അംഗങ്ങൾ പാലിക്കേണ്ട ചട്ടങ്ങൾ |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 26. | 297 (Marginal Heading) | **Document containing advice or opinion disclosed to be laid** | 297. വെളിപ്പെടുത്തിയ ഉപദേശമോ അഭിപ്രായമോ അടങ്ങുന്ന രേഖകൾ മേശപ്പുറത്ത് വയ്ക്കാവുന്നതാണെന്ന് |
| 27. | 302 (Marginal Heading) | **Power to order withdrawal of member and to suspend the sitting** | 302. അംഗത്തോട് പുറത്ത് പോകുവാൻ ആജ്ഞാപിക്കുന്നതിനും യോഗം നിർത്തിവയ്ക്കുന്നതിനുമുള്ള അധികാരം |
| 28. | 312 | **Use of the Assembly Chamber**<br>312.The Assembly Chamber shall not be used for any purpose other than the sittings of the Assembly. | 312.സഭാ ചേംബറിന്റെ ഉപയോഗം.—സഭയുടെ യോഗങ്ങൾക്കല്ലാതെ മറ്റൊരു കാര്യത്തിനും സഭാ ചേംബർ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. |
| 29. | 313 | **Suspension of Rules**<br>313. Any member may, with the consent of the Speaker, move that any rule may be suspended in its application to a particular motion before the Assembly and if the motion is carried, the rule in question shall be suspended for the time being or for a specific period. | 313. ചട്ടങ്ങൾ സസ്പെൻഡ് ചെയ്യൽ.—ഏതൊരു അംഗത്തിനും സഭ മുമ്പാകെയുള്ള ഒരു പ്രത്യേക ഉപക്ഷേപത്തിന് ബാധകമാക്കുന്നതിനുവേണ്ടി ഏതെങ്കിലും ചട്ടം സസ്പെൻഡ് ചെയ്യാമെന്ന് സ്പീക്കറുടെ സമ്മതത്തോടുകൂടി ഉപക്ഷേപം അവതരിപ്പിക്കാവുന്നതും, ആ ഉപക്ഷേപം അംഗീകരിക്കപ്പെടുകയാണെങ്കിൽ ആ ചട്ടം തത്സമയത്തേക്കോ ഒരു നിശ്ചിത കാലയളവിലേക്കോ സസ്പെൻഡ് ചെയ്യേണ്ടതുമാകുന്നു. |